(സി) ഉണ്ട്. ഡീസലിന്റേയും, സ്പെയർ പാർട്ടുകളുടേയും വില അനുദിനം വർദ്ധിക്കുകയാണ്. ഇതിനനുസരിച്ച് ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുവാൻ കഴിയുകയില്ല. 8/96-ൽ ബസ്സ് ചാർജ്ജ് വർദ്ധിപ്പിച്ചതിനുശേഷം കോർപ്പറേഷന് ആവശ്യം വേണ്ട ഡീസലിന്റേയും, ടയറിന്റേയും, സ്പെയർ പാർട്ടുകളുടേയും വില ഗണ്യമായി വർദ്ധിച്ചു. ഇത് കോർപ്പറേഷന്റെ ചെലവ് കൂടാൻ കാരണമായി. കെ.എസ്.ആർ.ടി.സി. വരുമാനാധിഷ്ഠിതമായിട്ടല്ല സർവ്വീസ് നടത്തുന്നത്. സർക്കാരിന്റേയും ബഹുജന സംഘടനകളുടേയും ജനപ്രതിനിധികളുടേയും മറ്റും ആവശ്യപ്രകാരം നിശ്ചിതവരുമാനം ലഭിക്കാത്ത വളരെയധികം സർവ്വീസുകൾ നടത്തുവാൻ കെ. എസ്. ആർ. ടി.സി. നിർബന്ധിതമാകുന്നുണ്ട്. സമൂഹത്തിലെ അവശതയനുഭവിക്കുന്നവരായ അന്ധർ, വികലാംഗർ, ബധിരർ തുടങ്ങിയവർക്ക് സൗജന്യ യാത്രയും, യാത്രാസൗജന്യവും അനുവദിക്കേണ്ടി വരുന്നു. കൂടാതെ ജനപ്രതിനിധികൾ, സ്വതന്ത്രസമരസേനാനികൾ, പത്ര പ്രവർത്തകർ തുടങ്ങി സർക്കാർ നിർദ്ദേശിക്കുന്ന വിവിധ മേഖലകളിലുള്ള വർക്കും സൗജന്യയാത്ര അനുവദിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം കെ.എസ്.ആർ.ടി.സി.ക്ക് ഭീമമായ നഷ്ടം വരുത്തി വയ്ക്കുന്നു. ഇത്തരത്തിലുള്ള സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നതുമൂലം പ്രതിവർഷം 93 കോടി രൂപയുടെ വരുമാനകുറവ് ഉണ്ടാകുന്നുണ്ട്.

(ഡി) പ്രതിദിനം ശരാശരി 25 ലക്ഷം രൂപയുടെ വർദ്ധനവുണ്ടാക്കിട്ടുണ്ട്.

(ഇ) ഡീസലിന്റേയും സ്പെയർ പാർട്ടുകളുടേയും വില വർദ്ധനമൂലം പ്രതിദിനം പത്തര ലക്ഷം രൂപയുടെ അധിക ചെലവുണ്ടാകുന്നുണ്ട്.

കാർഷിക നയം

13(*219) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഒരു കാർഷികനയം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കാർഷികനയം പ്രഖ്യാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ കാർഷികനയം എന്നേക്ക് പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കാർഷികനയം പ്രഖ്യാപിക്കുന്നതുവരെ ഈ രംഗത്ത് എന്തെല്ലാം പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുവെന്നും എന്തെല്ലാം പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുമെന്നും വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കാർഷികനയം മൂലമുള്ള പ്രയോജനങ്ങൾ വിലയിരുത്തുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) ഇതിനായി ഏതെങ്കിലും ഉന്നതാധികാരസമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഈ സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ, ബി & സി) സംസ്ഥാനത്ത് പുതിയ കാർഷികനയം രൂപീകരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. എം. എസ്. സ്വാമിനാഥൻ ചെയർമാനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരിക്കുകയാണ്.

(ഡി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

(ഇ) കാർഷിക വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു.

(എഫ്) ഭാവിയിൽ നിലവിൽ വരുന്ന കാർഷികനയം വിലയിരുത്തുന്നതിന് ഇപ്പോൾ സംവിധാനമില്ല.

(ജി & എച്ച്) ചോദ്യം ഉദിക്കുന്നില്ല.

റെയിൽവേ വഴി ചരക്ക് കടത്തുന്നതുമൂലമുള്ള നികുതി നഷ്ടം

14(*220) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വഴി ചരക്ക് കടത്തുന്നതിലൂടെ നികുതിയിനത്തിൽ സംസ്ഥാനത്തിന് വൻതുക നഷ്ടം സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് വില്പനനികുതി ഉദ്യോഗസ്ഥർക്ക് റെയിൽവേ സ്റ്റേഷനുകളും പരിശോധന നടത്താമെന്നുള്ള സുപ്രീം കോടതിയുടെ വിധി, ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) ട്രെയിനിൽ കടത്തുന്ന സാധനങ്ങൾ പരിശോധിക്കുന്നതിന് നികുതി ഉദ്യോഗസ്ഥർക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ഡി) റെയ്ഡിന് റെയിൽവേ ഉദ്യോഗസ്ഥരുടെ സഹകരണം ഉറപ്പു വരുത്തന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly